## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1370** **11.08.2017 ൽ മറുപടിയ്ക്ക്**

### "വിഷരഹിത നാടൻ പച്ചക്കറികൾ ലഭ്യമാക്കുന്നതിന് നടപടി"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ്<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ. ഡി.കെ. മുരളി<br>ശ്രീ. കാരാട്ട് റസാഖ് | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) വിഷരഹിത നാടൻ പച്ചക്കറികൾ ജനങ്ങൾക്ക് സുലഭമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ; | എ) വിഷരഹിത നാടൻ പച്ചക്കറികൾ ജനങ്ങൾക്ക് സുലഭമായി ലഭ്യമാക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം 10 കോടി രൂപയുടെ വിവിധ പ്രവർത്തനങ്ങൾ സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. കൃഷി ഭവൻ തലത്തിൽ ജൈവ ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി പ്രോത്സാഹന പ്രവർത്തനം നടത്തി വരുന്നു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി ആണ് ജൈവകൃഷി വ്യാപനം സാധ്യമാക്കുന്നതാണ്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന തിനായി നിലവിൽ 155 ക്ലസ്റ്ററുകൾക്കായി 116 ലക്ഷം രൂപ ധനസഹായമായി നൽകുന്നു.<br>സംസ്ഥാന സർക്കാരിന്റെ "സേഫ് റ്റു ഈറ്റ്" പദ്ധതി പ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബ് മുഖേന മാർക്കറ്റിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി പരിശോധനാഫലം 3 മാസത്തിലൊരിക്കൽ പരസ്യപ്പെടുത്തുന്നുണ്ട്.<br>കർഷകരുടെ ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിന് നിലവിൽ 65 ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. പുതുതായി 150 ഇക്കോഷോപ്പുകൾ കൂടി ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ഉത്തമ കൃഷി മുറകൾ പാലിച്ച് കൊണ്ട് ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് 20% അധിക വില ഇക്കോഷോപ്പുകൾ വഴി വിപണനം ചെയ്യുമ്പോൾ കർഷകന് ലഭിക്കുന്നു. |
| (ബി) 'കേരള ഓർഗാനിക്' എന്ന പേരിൽ നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് ഉല്പാദിപ്പിച്ച വിഷരഹിത ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഓണത്തിന് ആവശ്യമായ പച്ചക്കറികൾ ജനങ്ങൾ സ്വയം ഉൽപ്പാദിപ്പിക്കുന്നതിനായി 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ഉണ്ട്. ഇതിനായി കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകുന്നു. സംസ്ഥാനത്തെ 63 ലക്ഷം കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നതാണ്.<br>വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും പച്ചക്കറി വിത്തുകൾ അടങ്ങിയ |

(.......2)

40 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകൾ, 45.45 ലക്ഷം പച്ചക്കറി തൈകൾ എന്നിവ വിതരണം ചെയ്തു കഴിഞ്ഞു. വിവിധ മാധ്യമങ്ങൾ മുഖേനയും, സന്നദ്ധ സംഘടനകൾ മുഖേനയും 17 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളുടെ വിതരണം ഇപ്പോൾ നടന്നു വരുന്നു. പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 37000 ഗ്രോബാഗ് യൂണിറ്റുകളുടെ വിതരണം പുരോഗമിച്ചു വരുന്നു. ഇതിനു കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ മറ്റു ഉല്പാദന ഉപാധികൾ എന്നിവയും നൽകുന്നു. വി.എഫ്.പി.സി.കെ., ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമസേന, അഗ്രോ-സർവ്വീസ് സെന്റർ, സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ, കുടുംബശ്രീ തുടങ്ങിയവരുടെ സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതിയുടെ പ്രചാരണ പരിപാടികളുടെ ചുമതല ഫാം ഇൻഫർമേഷൻ ബ്യൂറോ നിർവ്വഹിക്കുന്നു. ഈ പദ്ധതിയുടെ പ്രചരണാർത്ഥം ഒരു 'സ്ലോഗൻ' തയ്യാറാക്കി, അതോടൊപ്പം മന്ത്രിമാർ, സെലിബ്രിറ്റീസ്, ജനപ്രതിനിധികൾ എന്നിവരുടെ പ്രസ്താവനകളോടുകൂടിയ ശബ്ദരേഖ ഉള്ളടക്കം ചെയ്ത് റേഡിയോ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ വഴി സംപ്രേക്ഷണം ചെയ്തിട്ടുണ്ട്.

ഈ പദ്ധതി നടപ്പിലാക്കുക വഴി ഏകദേശം 25000-ത്തോളം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കാനും ഏകദേശം ഒരു ലക്ഷം ടണ്ണോളം പച്ചക്കറി അധികമായി ഉത്പാദിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി ഏറ്റവും നല്ല പച്ചക്കറിത്തോട്ടം ഒരുക്കുന്ന വീട്ടമ്മമാർക്ക് ജില്ലാതലത്തിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 15,000/- രൂപ, 7,500/- രൂപ, 5,000/- രൂപ എന്നിങ്ങനെയും സംസ്ഥാനതലത്തിൽ യഥാക്രമം 1,00,000/- രൂപ, 50,000/- രൂപ, 25,000/- രൂപയും അവാർഡായി നൽകുന്നു. ചുരുങ്ങിയത് 5 ഇനം പച്ചക്കറികളെങ്കിലും കൃഷി ചെയ്യുന്ന വീട്ടമ്മമാരെയാണ് അവാർഡിനായി പരിഗണിക്കുന്നത്. ഇതിനായി 5.6 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| (ഡി) കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് കമ്പോളവിലയേക്കാൾ ഉയർന്ന വില നൽകി ശേഖരിച്ച് ഹോർട്ടികോർപ്പ് വഴി പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ഡി) കർഷകരുടെ പച്ചക്കറി ഉല്പന്നങ്ങൾ ഓണക്കാലത്ത് 10 ശതമാനം ഉയർന്ന വില നൽകി ശേഖരിക്കുവാനും ഓണസമൃദ്ധി 2017 പദ്ധതി വഴി കമ്പോള വിലയെക്കാൾ 30 ശതമാനത്തോളം വിലക്കുറവിൽ നൽകുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 1500-ഓളം സ്റ്റാളുകളിൽ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. കൃഷി വകുപ്പിന്റെ കീഴിലുള്ള സ്റ്റാളുകൾ, ഹോർട്ടികോർപ്പിന്റെ സ്റ്റാളുകൾ, വി.എഫ്.പി.സി.കെ യുടെ സ്റ്റാളുകൾ എന്നിവ വഴിയാണ് പദ്ധതി നടപ്പാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. |

Deepthi

സെക്ഷൻ ഓഫീസർ